20/09/2025

SATURDAY ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor: SINDHU. KS** **Editor: Dr. V. Krishnadas**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 20/09/2025

1. രാഷ്ട്രീയ കൃഷി വികാസ് യോജന പെർ ഡ്രോപ്പ് മോർ ക്രോപ്പ് പദ്ധതിയിലൂടെ സൂക്ഷ്മ ജലസേചന സംവിധാനങ്ങൾ സ്ഥാപിക്കാൻ അപേക്ഷ ക്ഷണിച്ചു. ഡ്രിപ്പ്, സ്പ്രിങ്ക്ളർ എന്നിവയ്ക്ക് 40-55 ശതമാനം വരെ സബ്സിഡി ലഭിക്കും. സൂക്ഷ്മ ജലസേചന സംവിധാനങ്ങളുമായി ചേർന്നുള്ള മഴവെള്ള സംഭരണികൾ, കുളങ്ങൾ, കിണറുകൾ, ജലസംഭരണികളുടെ നവീകരണം, പമ്പുകൾ എന്നിവയ്ക്കും സഹായം ലഭിക്കും. അപേക്ഷാ ഫോം ആനയറ വേൾഡ് മാർക്കറ്റിലുള്ള തിരുവനന്തപുരം കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും ലഭിക്കും. ഈ പദ്ധതിയിലുൾപ്പെടുത്തി സൂക്ഷ്മ ജലസേചനത്തിനായി വിളകൾ തമ്മിലുള്ള അകലവും സ്ഥല വിസ്തൃതിയും കണക്കിലെടുത്താണ് ആനുകൂല്യം നൽകുന്നത്. അപേക്ഷകന്റെ ഫോട്ടോ, ആധാർ കാർഡിന്റെ കോപ്പി, കരമടച്ച രസീത്, ബാങ്ക് പാസ്സ്ബുക്കിന്റെ കോപ്പി, കൃഷി ഓഫീസറുടെ സാക്ഷ്യപത്രം മുതലായ രേഖകളോടൊപ്പം അപേക്ഷ ഫോം പൂരിപ്പിച്ച് ആനയറ വേൾഡ് മാർക്കറ്റിലുള്ള തിരുവനന്തപുരം കൃഷി അസിസ്റ്റന്റ്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ ഓഫീസിൽ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക്: 9400517990, 9400988557, 8075892092.

2. വയനാട്ടിലെ പരമ്പരാഗത നെൽ കർഷകനായ പ്രസീദ്കുമാർ 350 ഇനം നെല്ലിനങ്ങൾ കൃഷിചെയ്യുകയും ഇപ്പോൾ ഒരു കർഷകൻ്റെ കയ്യൊപ്പായി കേരളത്തിൽ ആദ്യമായി നെല്ല് മ്യൂസിയവും ഒരുക്കിയിട്ടുണ്ട്. കേന്ദ്ര കൃഷി മന്ത്രാലയത്തിൻ്റെ സഹായത്തോടെയാണ് നെല്ല് മ്യൂസിയം ഒരുക്കിയിട്ടുള്ളത്. നെല്ലിനങ്ങളേക്കുറിച്ച് പഠിക്കുവാൻ ആഗ്രഹിക്കുന്നവർക്ക് ഏറ്റവും നല്ല ഇടമായിരിക്കും സുൽത്താൻബത്തേരിയിലെ നെല്ല് മ്യൂസിയം.

3. മണ്ണുത്തി ഗോട്ട് ആൻഡ് ഷീപ് ഫാമിൽ ആട്ടിൻ പാൽ ലിറ്ററിന് 110 രൂപ നിരക്കിൽ വില്പനയ്ക്ക് ലഭ്യമാണ്. പാൽ വിതരണം കൂപ്പൺ മുഖേന മാത്രമായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0487-2961100, 9074730551.

4. തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട പഞ്ചായത്തിലെ മുഴവൻ വളർത്തുനായ്ക്കളെയും പേവിഷബാധ പ്രതിരോധ കുത്തിവെയ്പ്പ് നടത്തുന്നതിനും ലൈസൻസ് എടുക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റ്

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നൽകുന്നതിനുമായി ഇന്ന് സെപ്തംബർ 20-നു (20-9-2025) മണ്ണാംകോണം, എട്ടിരുത്തി, മുതയിൽ എന്നീ കേന്ദ്രങ്ങളിൽ വാക്സിനേഷൻ ക്യാമ്പുകൾ സംഘടിപ്പിച്ചിരിക്കുന്നു. പ്രസ്തുത ക്യാമ്പുകളിൽ വെച്ച് നായ്ക്കൾക്ക് സൗജന്യ നിരക്കിൽ പേവിഷബാധ പ്രതിരോധ കുത്തിവെയ്പ്പ് നടത്തുന്നു. നായ ഒന്നിന് വാക്സിനേഷൻ ചാർജ്ജായി 55 രൂപ (രൂപ അൻപത്തിഅഞ്ച് മാത്രം) വീതം നൽകേണ്ടതാണെന്ന് കാട്ടാക്കട സീനിയർ വെറ്റിനറി സർജൻ അറിയിച്ചു.

5. 2025-ൽ ഡ്രൈയിംഗ് ഷീറ്റ് റബ്ബറിനായി അംഗീകൃത മാതൃകയിലുള്ള പുക വീടുകൾ നിർമ്മിക്കുന്നതിനും വാങ്ങുന്നതിനും സാമ്പത്തിക സഹായത്തിനായി പരമ്പരാഗത, പാരമ്പര്യേതര റബ്ബർ കൃഷി മേഖലകളിലെ **പട്ടികജാതി സമുദായത്തിലെ** റബ്ബർ കർഷകരിൽ നിന്ന് റബ്ബർ ബോർഡ് അപേക്ഷകൾ ക്ഷണിക്കുന്നു. റബ്ബർ ബോർഡ് വെബ്സൈറ്റ് വഴി ആക്സസ് ചെയ്യാൻ കഴിയുന്ന 'സർവീസ് പ്ലസ് ' വെബ് പോർട്ടൽ വഴി കർഷകർക്ക് 2025 ഒക്ടോബർ 31 വരെ ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കാം. അപേക്ഷയോടൊപ്പം

ആവശ്യമായ രേഖകളും അപ്‌ലോഡ് ചെയ്യണം. അർഹതയുള്ള സബ്സിഡി തുക 40,000 രൂപയോ നിർമ്മാണ ചെലവിന്റെ 80%/സ്മോക്ക് വീട് വാങ്ങുന്നതിലോ ഏതാണോ കുറവ് അത്. വിശദാംശങ്ങൾ റബ്ബർ ബോർഡിന്റെ വെബ്സൈറ്റായ www.rubberboard.gov.in നിന്നോ റബ്ബർ ബോർഡ് റീജിയണൽ ഓഫീസുകൾ, ഫീൽഡ് സ്റ്റേഷനുകൾ, റബ്ബർ ബോർഡ് കോൾ സെന്ററിൽ, ഫോൺ: 0481-2576622 നിന്നോ ലഭിക്കും.

## പരിശീലന പരിപാടി

1. ജില്ലാ വനിതാ ശിശു വികസന ഓഫീസ് പയ്യന്നൂര് ബ്ലോക്ക് പരിധിയിലുള്ള വനിതകൾക്ക് സൗജന്യ കൂണ് കൃഷി പരിശീലനം നൽകുന്നു. 25നും 45 നും ഇടയില് പ്രായമുള്ള ബി പി എൽ കുടുംബത്തിലെ വനിതകള്, വിധവകള് എന്നിവർക്ക് സെപ്റ്റംബര് 23 നകം അപേക്ഷിക്കാം. ഫോൺ 9605477899, 9497770157.

2. പത്തനംതിട്ട ജില്ലയിലെ മഞ്ഞാടി ഡക്ക് ഹാച്ചറി & ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിൽ 2025 സെപ്റ്റംബർ 24, 25 തീയതികളിൽ "എരുമ വളർത്തൽ " എന്ന വിഷയത്തിൽ 2 ദിവസത്തെ സൗജന്യ പരിശീലനം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നടത്തുന്നു. പങ്കെടുക്കാൻ താല്പര്യമുള്ളവർ 0469-2965535 എന്ന നമ്പരിൽ ഓഫീസ് പ്രവർത്തന സമയത്ത് മുൻകൂട്ടി വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ് .

## 1.കാർഷിക നിർദേശം

തുലാവർഷത്തിനു മുൻപ് തെങ്ങിൻ തോട്ടംകിളയ്ക്കുകയോ, ഉഴുകയോ ചെയ്യുകയാണെങ്കിൽ കളകളേയും, വേരുതീനിപ്പുഴുക്കളേയും നിയന്ത്രിക്കാനും, തുലാമഴയിൽ നിന്നുള്ള വെള്ളം മണ്ണിലിറങ്ങുന്നതിനും വായുസഞ്ചാരം വർദ്ധിക്കുന്നതിനും ഇത് നല്ലതാണ്. മണ്ണിൽ നനവുള്ളതുകൊണ്ട് രണ്ടാംഗഡു രാസവളം ഇപ്പോൾ ചേർക്കാം. പലകർഷകരും ഒറ്റത്തവണ മാത്രമെ വളം ചേർത്തുകാണുന്നുള്ളൂ. എന്നാൽ വർഷത്തിൽ രണ്ടുതവണയെങ്കിലും തെങ്ങിന് വളംചെയ്തിരിക്കണം. നനയ്ക്കാൻ സൗകര്യമുള്ള തെങ്ങിൻ തോപ്പുകളിൽ മൂന്ന് നാല് തവണകളിലായി വളം ചെയ്യുന്നതാണ് ഏറ്റവും നല്ലത്. തെങ്ങിൽ ചെമ്പൻ ചെല്ലിയുടെ ഉപദ്രവംകൂടുതലായികണ്ടു വരുന്നു. തെങ്ങിൻ തടിയിൽ ദ്വാരങ്ങളും, അതിലൂടെ തവിട്ടു നിറത്തിലുള്ള ദ്രാവകവും, ചെല്ലിചവച്ച നാരുകളും

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ചണ്ടിയും മറ്റും പുറത്തേയ്ക്ക് വരുന്നത് കണ്ടാൽ ശ്രദ്ധിക്കണം. ഓലയുടെ കടഭാഗം നെടുകെ പിളരുക, നടുനാമ്പ് വാടിപ്പോവുക എന്നിവയാണ് മറ്റ ലക്ഷണങ്ങൾ. തോട്ടം വൃത്തിയായി സൂക്ഷിക്കുകയാണ് ആദ്യം വേണ്ടത്. തെങ്ങിൽ ഏതെങ്കിലും വിധത്തിൽ മുറിവുണ്ടാകുന്നത് തടയണം. ആക്രമണമുള്ള തെങ്ങിന്റെ ദ്വാരങ്ങൾ കണ്ടു പിടിച്ച് ഏറ്റവും മുകളിലത്തെ ദ്വാരമൊഴികെ ബാക്കിയെല്ലാം അടച്ച ശേഷം മുകളിലെ ദ്വാരത്തിൽ കൂടി ചോർപ്പപയോഗിച്ച് ഇമിഡാക്ലോപ്രിഡ് 1 മില്ലി 1ലിറ്റർ എന്ന തോതിൽ ഒഴിച്ചു കൊടുക്കണം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം